പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2925 — 12.10.2011- ൽ മറുപടിയ്ക്ക്

## വിദർഭ മോഡൽ കാർഷിക വികസനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. വർക്കല കഹാർ | ശ്രീ. കെ.പി. മോഹനൻ<br>(ബഹുമാനപ്പെട്ട കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് വിദർഭ മോഡൽ കാർഷിക വികസനത്തിനായി കേന്ദ്രത്തിൽ നിന്ന് അധിക ധന സഹായം തേടുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം ;<br><br>ബി) എന്ത് തുകയ്ക്കുള്ള അധിക സഹായമാണ് തേടിയത്;<br><br>സി) ഏതെല്ലാം ജില്ലകളിലാണ് വികസനം നടപ്പാക്കാനുദ്ദേശി ക്കുന്നത്;<br><br>ഡി) എന്തെല്ലാം കാർഷിക വികസന പദ്ധതികളാണ് നടപ്പിലാക്കാനു ദ്ദേശിക്കുന്നതെന്ന് വ്യക്തമാ ക്കുമോ? | (എ) ബി) സി) & ഡി) നിലവിലുള്ള വിദർഭ പാക്കേജിന്റെ അനുബന്ധ പദ്ധതികളായി പാലക്കാട്, വയനാട്, കാസറഗോഡ്, തൃശ്ശൂർ ജില്ലകളിൽ മൃഗസംരക്ഷണം, ഗവേഷണം, വിള പരിപാലനം എന്നീ മേഖലകളിലെ വികസനപ്രവർത്തന ങ്ങൾക്കുവേണ്ടി താഴെപ്പറയുന്ന അധിക പ്രൊപ്പോസലുകൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രധാനമന്ത്രിയുടെ പ്രത്യേക പുനരധിവാസ പാക്കേജിന്റെ അനുബന്ധ പദ്ധതികളായി വയനാട്, പാലക്കാട്, കാസറഗോഡ് ജില്ലകളിൽ<br>1. വിളപരിപാലനത്തിന് 201.75 കോടി രൂപ.<br>2. മൃഗസംരക്ഷണം 8.20 കോടി രൂപ.<br>3. ഗവേഷണം 20.35 കോടി രൂപ.<br>കൂടാതെ തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളുടെ സമഗ്രവികസനത്തിനായി 799.77 കോടി രൂപയുടെ ഒരു അധിക പ്രൊപ്പോസലും കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ